# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T- 2184 - 18.06.2013-ലെ മറുപടിക്ക്**

## ഇൻഷുറൻസ് പരിരക്ഷയില്ലാതെയുള്ള ലോണുകൾ

| ചോദ്യം<br>ശ്രീ. റ്റി. യു. കുരുവിള | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇൻഷുറൻസ് പരിരക്ഷയില്ലാതെ ലോൺ എടുത്ത നിർദ്ധനരായ കുടുംബാംഗങ്ങൾ മരണപ്പെടുന്ന സാഹചര്യത്തിൽ ഇവരുടെ കടബാദ്ധ്യത എഴുതിത്തള്ളുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;<br>(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം, വായ്പയെടുത്ത കുടുംബനാഥൻ മരണപ്പെടുകയോ, നിത്യരോഗങ്ങൾ മൂലമോ അപകടങ്ങൾ മൂലമോ കിടപ്പിലായി കാർഷിക വായ്പകൾ തിരിച്ചടക്കുവാൻ കഴിയാതെ വന്നാൽ ആ വ്യക്തികളുടെ നോൺ പെർഫോമിംഗ് അസറ്റ്സ് ഏറ്റെടുത്ത്, കടക്കാർക്ക് പൂർണ സംരക്ഷണം നൽകുന്നതിന് റിസ്ക് ഇൻഷുറൻസ് പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനുവേണ്ടിയുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടില്ല. |
| (സി) എല്ലാത്തരം ലോണുകൾക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിന് നടപടി ഉണ്ടാകുമോ? | മറ്റ് ലോണുകൾക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ